**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 307** **15-07-2022 - ൽ മറുപടിയ്ക്ക്**

**കോവളം-ബേക്കൽ വെസ്റ്റ് കോസ്റ്റ് ജലപാത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കാനത്തിൽ ജമീല,<br>ശ്രീ വി ജോയി,<br>ശ്രീ എം മുകേഷ് ,<br>ശ്രീ. പി.പി. ചിത്തരഞ്ജൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്തെ വിവിധ ജലപാതകളെ തമ്മിൽ ബന്ധിപ്പിച്ചുകൊണ്ടും ഇവയില്ലാത്ത സ്ഥലങ്ങളിൽ പുതിയ കനാലുകൾ നിർമ്മിച്ചുകൊണ്ടും സൃഷ്ടിക്കാനുദ്ദേശിക്കുന്ന കോവളം-ബേക്കൽ വെസ്റ്റ് കോസ്റ്റ് ജലപാത പദ്ധതിക്കായി പ്രതീക്ഷിക്കുന്ന ആകെ ചെലവ് എത്രയാണെന്ന് അറിയിക്കാമോ; | (എ) | കോവളം മുതൽ ബേക്കൽ വരെ 616 കിലോമീറ്റർ വരുന്ന വെസ്റ്റ് കോസ്റ്റ് കനാലിന്റെ പല ഭാഗങ്ങളിലും തടസ്സങ്ങളാ യിട്ടുള്ള (ആഴവും വീതിയും കുറഞ്ഞ) പാലങ്ങൾ, മറ്റ് ക്രോസ്സ് സ്ട്രക്ചറുകൾ എന്നിവ പുനർ നിർമ്മിച്ചും, കയ്യേറ്റങ്ങൾ ഒഴിപ്പിച്ച് സ്ഥലം വീണ്ടെടുത്ത് കനാൽ ദേശീയ നിലവാരത്തിൽ വികസിപ്പിച്ചും, നിലവിൽ കനാൽ ഇല്ലാത്ത ഭാഗങ്ങളിൽ ഭൂമി ഏറ്റെടുത്ത് കനാൽ നിർമ്മിച്ചും വെസ്റ്റ് കോസ്റ്റ് കനാൽ പൂർണതോതിൽ പൂർത്തിയാക്കുന്ന തിന് 6500 കോടിയധികം രൂപ ചെലവ് പ്രതീക്ഷിക്കുന്നു. |
| (ബി) | കൊല്ലം-കോട്ടപ്പുറം സെക്ടർ ദേശീയ ജലപാതയായി ഉയർത്തുന്ന പ്രവൃത്തി പൂർത്തിയായിട്ടുണ്ടോ; | (ബി) | കൊല്ലം മുതൽ കോട്ടപ്പുറം വരെയുള്ള 168 കി.മീ. ദേശീയ ജലപാതാ നിലവാരത്തിൽ ഗതാഗത യോഗ്യമാക്കിയിട്ടുണ്ടെങ്കിലും പൂർണ്ണമായും ദേശീയ ജലപാതാ നിലവാരത്തിലേയ്ക്ക് എത്തുന്നതിന് കൊല്ലം ചവറ കോവിൽതോട്ടത്ത് ഒരു നടപ്പാലത്തിന്റെയും ആലപ്പുഴ തൃക്കുന്നപ്പുഴയിൽ ഒരു നാവിഗേഷൻ ലോക്ക് കം ബ്രിഡ്ജിന്റെയും പുനർനിർമ്മാണം പൂർത്തീകരിക്കേണ്ടതുണ്ട്. |
| (സി) | എങ്കിൽ ഏതെല്ലാം മേഖലകളിലാണ് പുതിയതായി കനാൽ നിർമ്മിക്കേണ്ടതായിട്ടുള്ളതെന്നും അവയുടെ നിർമ്മാണ പുരോഗതിയും അറിയിക്കാമോ; | (സി) | മാഹി - വളപട്ടണം ഭാഗത്ത് ഏകദേശം 26 കിലോമീറ്ററും, നീലേശ്വരം - ബേക്കൽ ഭാഗത്തു 6.5 കിലോമീറ്ററും കനാൽ പുതിയതായി നിർമ്മിക്കേണ്ടതുണ്ട്. ഇതിനായുള്ള പ്രവൃത്തികൾ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയ KWIL മുഖേന നടപ്പാക്കിവരുന്നു. സ്ഥലം ഏറ്റെടുക്കുന്നതിനായി മാഹി - വളപട്ടണം ഭാഗത്ത് 650 കോടി രൂപയും നീലേശ്വരം - ബേക്കൽ ഭാഗത്തു 186 കോടി രൂപയും KIIFB മുഖേന അനുവദിച്ചിട്ടുണ്ട്. ഇതിനായുള്ള സർവ്വെ പ്രവൃത്തികളും വാട്ടർ ബാലൻസ് സ്റ്റഡിയും പുരോഗമിച്ചുവരുന്നു. |

| | | | |
|---|---|---|---|
| (ഡി) | കൊല്ലം-കോട്ടപ്പുറം ജലപാതയ്ക്കായി ഒഴിപ്പിക്കേണ്ടി വരുന്ന വീടുകളുടെ എണ്ണം കണക്കാക്കിയിട്ടുണ്ടോ; ജലപാതയ്ക്കായി സ്ഥലം ഏറ്റെടുക്കുന്നതിന് പാക്കേജ് തയ്യാറാക്കിയിട്ടുണ്ടോ എന്ന് അറിയിക്കാമോ? | (ഡി) | കോവളം മുതൽ ബേക്കൽ വരെ വെസ്റ്റ് കോസ്റ്റ് കനാൽ വികസനത്തിനായുള്ള നടപടികൾ പല ഘട്ടങ്ങളിലും പല റീച്ചുകളിലുമായി നടപ്പാക്കി വരുന്നതിനാൽ ഒഴിപ്പിക്കേണ്ടി വരുന്ന വീടുകളുടെ എണ്ണം മൊത്തത്തിൽ കണക്കാക്കിയിട്ടില്ല. കോവളം മുതൽ വർക്കല വരെയുള്ള ഏകദേശം 1360 കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനായി കിഫ്ബിയുടെ ധനസഹായത്തോടെ 247.2 കോടി രൂപയുടെ പുനരധിവാസ പാക്കേജ് നടപ്പിലാക്കി വരുന്നു. കൂടാതെ വർക്കല ഭാഗത്ത് 76 കുടുംബങ്ങളെ ഫിഷറീസ് വകുപ്പിന്റെ പുനർഗേഹം മാതൃകയിൽ പുനരധിവസിപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. ടി ജലപാതയുടെ ഭാഗമായ കൊല്ലം മുതൽ കോഴിക്കോട് വരെയുള്ള ഭാഗം ദേശീയജലപാതയാണ്. ഇതിൽ കോട്ടപ്പുറം മുതൽ കല്ലായി വരെയുള്ള ഭാഗത്തെ വികസനം സംബന്ധിച്ച് IWAI തയ്യാറാക്കുന്ന വിശദമായ പദ്ധതി റിപ്പോർട്ടനുസരിച്ചായിരിക്കും പുനരധിവാസം തീരുമാനിക്കുന്നത്. കോഴിക്കോട് കനോലി കനാലിന്റെ വികസനവുമായി ബന്ധപ്പെട്ട് ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയ കേരള വാട്ടർവേയ്സ് ആന്റ് ഇൻഫ്രാസ്ട്രക്ചേഴ്സ് ലിമിറ്റഡ് (KWIL) സ്വീകരിച്ചു വരുന്നു. ഡി.പി.ആർ. തയ്യാറാക്കിയതിനു ശേഷം മാത്രമേ പ്രസ്തുത ഭാഗത്ത് ഒഴിപ്പിക്കേണ്ടി വരുന്നവരുടെ എണ്ണം കണക്കാക്കാൻ കഴിയുകയുള്ളൂ. മാഹി-വളപട്ടണം, നീലേശ്വരം, ബേക്കൽ എന്നീ ഭാഗങ്ങളിൽ കനാൽ നിർമ്മാണത്തിനായി സ്ഥലം ഏറ്റെടുക്കുന്നതിലേയ്ക്കായുള്ള പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ നടത്തി വരുന്നു. സ്ഥലം ഏറ്റെടുക്കൽ പ്രവർത്തനങ്ങൾക്കായി മാഹി - വളപട്ടണം കനാലിനു 650 കോടി രൂപയുടേയും നീലേശ്വരം-ചിത്താരി കനാലിനു 186 കോടി രൂപയുടേയും പദ്ധതി കിഫ്ബിയുടെ ധനസഹായത്തോടെ നടപ്പിലാക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ